പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: **304**

25.06.2012 ൽ മറുപടിയ്ക്ക്

## സദാചാര പോലീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ. രാജു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സദാചാര പോലീസ് പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ പോലീസിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സദാചാര പോലീസിന്റെ അതിക്രമങ്ങൾ എവിടെയെല്ലാമാണ് ഉണ്ടായത് ; അതിക്രമങ്ങളിൽ എത്രപേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) ഇല്ല. എന്നാൽ സംസ്ഥാനത്ത് ചിലർ നിക്ഷിപ്ത താല്പര്യം നടത്തിയെടുക്കുന്നതിന്, സദാചാരം നിലനിർത്തുന്നതിനെന്ന വ്യാജേന, നിയമവിരുദ്ധമായി അക്രമവും ഗുണ്ടായിസവും നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത്തരം അതിക്രമങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. ഇത്തരം അതിക്രമങ്ങളുടെ ഫലമായി കോഴിക്കോട് റൂറൽ ജില്ലയിൽ ഒരാൾ കൊല്ലപ്പെട്ടിട്ടുണ്ട്.<br><br>കൂടാതെ, വയനാട് ജില്ലയിൽ മനു എന്ന ആദിവാസി യുവാവും, കാസർഗോഡ് ജില്ലയിൽ റജിലേഷ് എന്നയാളും കോഴിക്കോട് റൂറൽ ജില്ലയിലെ ബാബു എന്നയാളും ഉൾപ്പെടെ 3 പേർ ഇത്തരം അതിക്രമങ്ങളിലൂടെയുണ്ടായ മാനസികാഘാതത്തിന്റെ ഫലമായി ആത്മഹത്യ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) ഈ അതിക്രമങ്ങൾ തടയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) സദാചാരം സംരക്ഷിക്കാനെന്ന പേരിൽ സാമൂഹ്യവിരുദ്ധരും മറ്റും നടത്തുന്ന അതിക്രമ സംഭവങ്ങളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ |

കർശനമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സാമൂഹ്യവിരുദ്ധരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുവാനും ഇത്തരം സംഭവങ്ങൾ മേലിൽ ഉണ്ടാകാതെ നോക്കുന്നതിനായും വിവിധ സന്നദ്ധ സംഘടനകൾ, കുടുംബ യൂണിറ്റുകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ ജനമൈത്രി പോലീസ് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനായി പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം തന്നെ പോലീസ് ഉദ്യോഗസ്ഥരെ നിരീക്ഷണത്തിനായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ, ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിന്റെ സഹായം ആവശ്യപ്പെടുവാൻ പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

Nayhle

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.